**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 210** **10-06-2024 - ൽ മറുപടിയ്ക്ക്**

**പുതുക്കാട് താലൂക്ക് ആശുപത്രിയിൽ ഗൈനക് ഡിപ്പാർട്ട്മെന്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.കെ. രാമചന്ദ്രൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | പുതുക്കാട് താലൂക്ക് ആശുപത്രിയിൽ ഗൈനക് ഡിപ്പാർട്ട്മെന്റ് പ്രവർത്തനമാരംഭിക്കും എന്ന പ്രഖ്യാപനം നടപ്പായിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഗൈനക്ക് വിഭാഗം പ്രവർത്തനം ആരംഭിക്കുന്നതിലേയ്ക്കായി ഗൈനക്കോളജിസ്റ്റ്, സ്റ്റാഫ് നഴ്സ് എന്നിവർക്ക് ആവശ്യമായ പരിശീലനം തൃശ്ശൂർ ജനറൽ ആശുപത്രിയിൽ നിന്നും ഇതിനകം ലഭ്യമാക്കിയിട്ടുണ്ട്. ആശുപത്രിയിൽ ലേബർ റൂം സജ്ജമാക്കുന്നതിലേക്ക് അവശ്യം വേണ്ട പശ്ചാത്തല സൗകര്യങ്ങളിൽ അനസ്തേഷ്യ വർക്ക് സ്റ്റേഷൻ, ഓപ്പറേഷൻ ടേബിൾ, ബ്ലഡ് ബാങ്ക് സ്റ്റോറേജ് സൗകര്യം എന്നിവ ലഭ്യമാകുന്ന പക്ഷം ഗൈനക് ഡിപ്പാർട്ടമെന്റിന്റെ പ്രവർത്തനം ആരംഭിക്കുന്നതാണ്. |
| (ബി) | എങ്കിൽ ഗൈനക് ഡിപ്പർട്ട്മെന്റ് പ്രവർത്തനം ആരംഭിക്കുന്നതിനാവശ്യമായ സൗകര്യങ്ങളും ഡോക്ടർമാരുൾപ്പെടെയുള്ളവരെ നിയമിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ? | (ബി) | ഉത്തരം(എ) പിരിവിൽ ചേർത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ